സിമ്പോസിയം

# മുസ്‌ലിം വ്യക്തിനിയമത്തിൽ ഭേദഗതിയോ?

നാലകത്ത് മുഹമ്മദ് കോയ (ഖാസി, കോഴിക്കോട്)

വിവിധ ജാതി മതസ്ഥർ താമസിക്കുന്ന ഭാരതത്തിൽ 'ഏക സിവിൽകോഡ്' നടപ്പിലാക്കിയാലേ ദേശീയോദ്ഗ്രഥനം സാധ്യമാകൂ എന്നു വിശ്വസിക്കുന്ന ഒരു വിഭാഗമുണ്ട്. കമ്യൂണിസ്റ്റുകാരും ഹിന്ദു വർഗീയ വാദികളുമാണ് അവരുടെ മുൻപന്തിയിൽ. ഈ രണ്ട് വിഭാഗത്തിലും പെടാത്ത ദേശീയവാദികളും ഇതിന്റെ വക്താക്കളായി ഇല്ലാതില്ല. ഇവർക്കെല്ലാം ആവേശം പകർന്നുകൊണ്ട് ഭരണഘടനയിലെ മാർഗദർശക ഖണ്ഡികയിലെ 44-ാം വകുപ്പ് നിലകൊള്ളുകയും ചെയ്യുന്നു. ക്രമേണ ഏക സിവിൽകോഡ് നടപ്പാക്കുകയാണ് ഈ വകുപ്പിന്റെ ലക്ഷ്യം. സ്വാതന്ത്ര്യലബ്ധി മുതൽക്കേ ഏകസിവിൽകോഡിനുള്ള മുറവിളി തുടങ്ങിയിരുന്നുവെങ്കിലും, അടുത്ത കാലത്തായി പെട്ടെന്ന് അത് ശക്തി പ്രാപിച്ചിരിക്കുകയാണ്. ഈ കാലമത്രയും വ്യത്യസ്ത വ്യക്തിനിയമങ്ങൾ സ്വീകരിച്ചുപോന്നതുകൊണ്ട് നമ്മുടെ നാട്ടിന്റെ പുരോഗതിക്ക് എന്തു വിഘ്നം നേരിട്ടുവെന്നോ, സ്വാതന്ത്ര്യത്തിനു ശേഷം ഇവിടെയുണ്ടായ സാമുദായിക കലാപങ്ങൾ വ്യത്യസ്ത വ്യക്തിനിയമങ്ങൾ ഇവിടെ ഉള്ളതുകൊണ്ടാണെന്നോ, വ്യക്തിനിയമങ്ങളുടെ ഏകീകരണം എങ്ങനെ ദേശീയോദ്ഗ്രഥനം സാധ്യമാക്കുമെന്നോ ഈ കൂട്ടർക്ക് ഇന്നേവരെ വിശദീകരിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, മുസ്‌ലിം വ്യക്തിനിയമങ്ങളുടെ പോരായ്മകളും ന്യൂനതകളും ചൂണ്ടിക്കാണിക്കുകയോ അങ്ങനെ വല്ലതും ഉണ്ടെങ്കിൽ അത് മുസ്‌ലിമേതര ജനവിഭാഗങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുകയോ ചെയ്തിട്ടുമില്ല. മുസ്‌ലിംകളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് അവരാണല്ലോ ശബ്ദമുയർത്തേണ്ടത്.

വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള വിശ്വാസത്തിലും മമതയിലുമാണ് ഒരു ദേശത്തിന്റെ ദേശീയോദ്ഗ്രഥനം സ്ഥിതിചെയ്യുന്നത്. തങ്ങളുടെ ജീവിതവീക്ഷണത്തിലും ചര്യയിലും കൈകടത്തുന്നത് ഒരു ജനതയും ഇഷ്ടപ്പെടുകയില്ല. നാനാ ജാതി മതസ്ഥരും വ്യത്യസ്ത സംസ്കാരങ്ങളിൽനിന്ന് ആവേശം ഉൾക്കൊള്ളുന്നവരുമായ ജനങ്ങൾ വസിക്കുന്ന ഭാരതത്തിൽ, ആരുടെയും ആചാരങ്ങൾക്കും മതമൂല്യങ്ങൾക്കും പോറൽ ഏൽക്കുകയില്ലെന്ന് ഉറപ്പ് വരുത്തുകയാണ് ദേശീയോദ്ഗ്രഥനത്തിന് അനുപേക്ഷണീയമായും വേണ്ടത്. മറിച്ച്, ഏകീകരണത്തിന്റെ പേരിൽ, തങ്ങൾ ജീവതുല്യം സ്നേഹിക്കുന്ന വ്യക്തിനിയമങ്ങളിൽ വരെ കൈവെക്കുമ്പോൾ ദേശീയ ഘടകങ്ങൾ തമ്മിൽ സംശയാലുക്കളാകുകയും ദേശീയ ഐക്യം ദുർബലപ്പെടുകയുമാണ് ചെയ്യുക. ചരിത്രസംഭവങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

മുസ്‌ലിംകളും ശരീഅത്തുമായുള്ള ബന്ധം ശരിക്കും മനസ്സിലാകാത്തതുകൊണ്ടാണ് ഏറിയകൂറും അമുസ്‌ലിം ജനവിഭാഗങ്ങളിൽ ശരീഅത്ത് വിരോധവും ഏക സിവിൽകോഡ് മുറവിളിയും നിലനിൽക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ഭരണഘടനയിൽ എല്ലാ ജനവിഭാഗങ്ങൾക്കും മതസ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും അമുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം മതമെന്നത് ഏതാനും ആചാരാദി ആരാധനകളിൽ മാത്രം പരിമിതമാണ്. വിവാഹം, അനന്തരാവകാശം, ബഹുഭാര്യാത്വം മുതലായ കാര്യങ്ങൾ മതബാഹ്യവും രാജ്യതാൽപര്യമനുസരിച്ച് ഭരണസാരഥികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളും ആണെന്ന് അവർ കരുതുന്നു. അതിനാൽ മുസ്‌ലിംകൾ വ്യക്തിനിയമ സംരക്ഷണത്തിനു വാദിക്കുമ്പോൾ അത് മതബാഹ്യവും ദേശസ്നേഹമുക്തവുമായ കാര്യമായി അവർ പരിഗണിക്കുന്നു. ശരീഅത്തും ഇസ്‌ലാമുമായുള്ള അവിഭാജ്യബന്ധവും മുസ്‌ലിംവ്യക്തിനിയമ ഭേദഗതിക്കുള്ള ശ്രമം ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മതസ്വാതന്ത്ര്യ ധ്വംസനമായിത്തീരുമെന്ന് സംഗതിയും നാം അവരെ ധരിപ്പിക്കേണ്ടതാണ്. കൂടാതെ ദൈവിക നിയമസംഹിതകൾ എന്ന നിലക്ക്, ഇതര നിയമങ്ങളുടെ മേൽ അവക്കുള്ള ഉത്കൃഷ്ടതയും നാം വ്യക്തമാക്കിക്കൊടുക്കണം.

ഇസ്‌ലാം വിശ്വാസപരവും ആരാധനാപരവുമായ കാര്യങ്ങളിൽ മാത്രം പരിമിതമല്ല. സമസ്ത ജീവിത വ്യവഹാരങ്ങളിലും മാർഗദർശനം നൽകുന്ന സമഗ്ര ജീവിതപദ്ധതിയാണത്. വിശ്വാസപരവും ആരാധനാപരവുമായ കാര്യങ്ങൾ ഒഴിച്ച് എല്ലാ ജീവിത വ്യാപാരങ്ങൾക്കും ഇസ്‌ലാം നൽകുന്ന മാർഗദർശനങ്ങൾക്കാണ് പൊതുവിൽ ശരീഅത്ത് എന്നു പറയുന്നത്. ഇന്ന് സിവിലും ക്രിമിനലുമായി അറിയപ്പെടുന്ന നിയമങ്ങൾക്കെല്ലാം ശരീഅത്തിൽ അതിന്റേതായ നിയമങ്ങൾ ഉണ്ട്. പ്രസ്തുത നിയമങ്ങൾ എല്ലാം ഖുർആനിൽനിന്നോ ഹദീസിൽനിന്നോ, അവയിൽനിന്ന് നിർധാരണം ചെയ്തോ, തദ്വിഷയത്തിലെ ഏകകണ്ഠമായ അഭിപ്രായ പ്രകാരമോ ക്രോഡീകരിക്കപ്പെട്ടവയാണ്. ഭാവിയിലുണ്ടാകുന്ന ഏതു പ്രശ്നങ്ങൾക്കും ഇതേ സ്രോതസ്സിൽനിന്ന് ലഭിക്കുന്ന വെളിച്ചത്തിലൂടെ മാത്രമേ മുസ്‌ലിമിന് മുന്നോട്ടു നീങ്ങാനാവൂ. അതായത്, ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം ശരീഅത്തിൽനിന്ന് വിമുക്തമായ ജീവിതം അചിന്ത്യമാണ്. ജീവിതത്തിന്റെ ഓരോ പാദവിന്യാസത്തിലും ശരീഅത്തിന്റെ പിന്തുണയുണ്ടോ എന്ന് അവൻ അടിക്കടി പരിശോധിക്കേണ്ടതാണ്. അതിനാൽ ശരീഅത്തിന്മേലുള്ള ഏതാക്രമണവും മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം അധിക്ഷേപാർഹവും മതസ്വാതന്ത്ര്യ ധ്വംസനവുമാണ്.

മുസ്‌ലിംരാജ്യങ്ങളിൽ ശരീഅത്ത് നിയമങ്ങളുണ്ടോ എന്ന് ചോദിക്കുന്നവരുണ്ട്. പൂർണമായ തോതിൽ ഉണ്ടെന്ന് വാദിക്കുന്നില്ല. മുസ്‌ലിം രാജ്യങ്ങൾ ഏറെക്കുറെ മുഴുവൻതന്നെ സ്വേഛാധിപത്യ രാജ്യങ്ങളാണെന്ന വസ്തുതയും മറക്കാവതല്ല. സ്വേഛാധിപതികൾ തങ്ങളുടെ താൽപര്യങ്ങളോട് പൊരുത്തപ്പെടാത്ത നിയമങ്ങൾ സഹിക്കുകയില്ലെന്നത് സുവിദിത

മാണല്ലോ. അവിടങ്ങളിലെല്ലാമുള്ള മുസ്‌ലിംകൾ ശരീഅത്തിനോട് തികഞ്ഞ കൂറുപുലർത്തുന്നു. ഇനി, ശരീഅത്തിനോട് വിമുഖതയാണ് അവർ പ്രദർശിപ്പിക്കുന്നതെങ്കിൽ തന്നെ ഇസ്‌ലാമും ശരീഅത്തുമായുള്ള ബന്ധം അവർക്ക് അറിഞ്ഞുകൂടെന്നേയുള്ളൂ. അവരുടെ അജ്ഞത ശരീഅത്ത് നിയമങ്ങൾ അപ്രായോഗികമാണെന്നോ മതബാഹ്യമാണെന്നോ അർഥമാക്കുന്നില്ല.

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണകാലം മുതലേ നടപ്പുള്ള 'മുഹമ്മദൻ ലോ' പൂർണമായും ശരീഅത്ത് നിയമങ്ങളാണ് എന്നാരും വാദിക്കുന്നില്ല. ശരീഅത്തിനോട് വിയോജിക്കുന്നത് തിരുത്തിയേ തീരൂ. അതും ശരീഅത്ത് സംരക്ഷണവാദത്തിൽ ഉൾപ്പെട്ടതാണ്. നമ്മുടെ സിവിലും ക്രിമിനലുമായ നിയമങ്ങളിൽ ശരീഅത്തിനോട് വിയോജിക്കുന്ന പലതും ഉണ്ട്. മുസ്‌ലിംകൾ അത് പിന്തുടരാൻ നിർബന്ധിതരുമാണ്. ജനാഭിലാഷവും, ജനകീയ താൽപര്യവും മാനിക്കാത്ത ഒരു സ്വേഛാധിപത്യ വിശേദ ഗവൺമെന്റ് ചെയ്തത് ഒരു ജനായത്ത ഗവൺമെന്റ് ചെയ്യുന്നത് ഭൂഷണമല്ല. ജനകീയ ആവശ്യവും ജനഹിതവും സാധിച്ചുകൊടുക്കുകയാണ് ഒരു ജനകീയ ഗവൺമെന്റിന്റെ ചുമതലതന്നെ. മുസ്‌ലിംകൾ ശരീഅത്ത് നിയമങ്ങളോട് കൂറുപുലർത്തുന്ന കാലത്തോളം അതിന്മേൽ കൈവെക്കുന്നത് മതധ്വംസനമാണ്; ഭരണഘടന ഉറപ്പുനൽകിയ മതസ്വാതന്ത്ര്യമല്ല.

ശരീഅത്തിലെ ഏതേതു നിയമങ്ങളോടാണ് തങ്ങൾക്ക് പ്രതിഷേധമെന്നും അവ നാട്ടിന്റെ ഉത്തമ താൽപര്യങ്ങൾക്ക് എങ്ങനെ വിരുദ്ധമാകുമെന്നും വിവരിച്ചുതരേണ്ടത് ശരീഅത്ത് വിരോധികളുടെ കടമയാണ്. യുക്തിബന്ധുരമായ ഗവേഷണവും, നീതിയുക്തമായ സമീപനവും അവർ സ്വീകരിക്കുകയാണെങ്കിൽ ശരീഅത്ത് നിയമങ്ങൾ ഏതു രാജ്യത്തിനും അംഗീകരിക്കാവുന്ന ഉത്തമ നിയമങ്ങളാണെന്ന് കാണാവുന്നതാണ്. ശരീഅത്ത് നിയമങ്ങളുടെ അന്തസ്സത്തക്ക് യോജിക്കാത്തവിധം ചില മുസ്‌ലിംകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് ശരീഅത്തിനു ബാധകമല്ല. ശരീഅത്തിനു അനുസാരമായി പ്രവർത്തിക്കാൻ പ്രേരണ ചെലുത്തുകയാണ് വേണ്ടത്. എലിശല്യത്തിനു ആരും ഇല്ലം ചുടുകയില്ലല്ലോ.

വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ പരിമിത കാര്യങ്ങളിലാണ് ഇന്ന് മുസ്‌ലിംകൾ ശരീഅത്ത് നിയമങ്ങൾ തുടരാൻ ഇന്ത്യയിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. അതുകൂടി ഹനിക്കുകയാണെങ്കിൽ മറ്റെന്ത് മതസ്വാതന്ത്ര്യമാണ് മുസ്‌ലിംകൾക്ക് നൽകാൻ പോകുന്നത്? നാനാത്വത്തിൽ ഏകത്വം ദർശിക്കുകയും വൈവിധ്യങ്ങളിൽ സൗന്ദര്യം ആസ്വദിക്കുകയും ചെയ്യുന്ന നമ്മുടെ നാടിന്റെ മഹത്തായ പൈതൃകം നശിപ്പിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്! ഏതൊരു ജനതയും തങ്ങളുടെ ജീവിതവീക്ഷണത്തിനും ജീവിതലക്ഷ്യ സാക്ഷാത്കാരത്തിനും ഉതകുമെന്ന് വിശ്വസിക്കുന്ന വ്യക്തി നിയമങ്ങളെ അനുധാവനം ചെയ്യാനാണ് ആഗ്രഹിക്കുക. അപ്പോൾ അന്തിമമായ വിശകലനത്തിൽ വ്യക്തിനിയമങ്ങളുടെ ഏകീകരണം വിശ്വാസ സ്വാതന്ത്ര്യത്തിന്റെ ഭർത്സനമാണ്. വിശ്വാസ സ്വാതന്ത്ര്യം പരിഷ്കൃത ലോകത്തിന്റെ വിശ്വാസ പ്രമാണമാണ്. അതിനാൽ ശരീഅത്ത് ഭേദഗതിയുടെ മുദ്രാവാക്യം മുഴക്കി ജനവിഭാഗങ്ങൾക്കിടയിൽ ശത്രുത സംജാതമാക്കുകയും അങ്ങനെ ദേശീയോദ്ഗ്രഥനം ഒരു മരീചികയാക്കിത്തീർക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽനിന്ന് ദേശസ്നേഹികളും ഗവൺമെന്റും ഒഴിഞ്ഞുനിൽക്കേണ്ടതാണ്.

ഇവിടെ ചരിത്രത്തിന്റെ മറുപുറം കൂടി ഒന്നു പരിശോധിക്കേണ്ടതുണ്ട്. മുസ്‌ലിംകൾ എന്ന നിലക്ക് ശരീഅത്ത് നിയമങ്ങളെ പരമാവധി അനുസരിക്കേണ്ട ബാധ്യത നമുക്കുണ്ട്. നാം ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും കൂറും പുലർത്താറുണ്ടോ? ശരീഅത്തിന് സ്വീകാര്യമല്ലാത്തവയും എന്നാൽ ഇന്ത്യൻ നിയമങ്ങളിൽ അനുവദനീയവുമായ എത്രയെത്ര കാര്യങ്ങളിൽ സ്വന്തം താൽപര്യങ്ങൾ നേടിയെടുക്കാൻ നാം ഇന്ത്യൻ നിയമങ്ങളെ അഭയം തേടുന്നു! അവിടെ ആരുടെയും സമ്മർദമില്ലല്ലോ. ശരീഅത്തിന്റെ അനുശാസനകളോട് പൊരുത്തപ്പെടാത്ത എത്രയോ കാര്യങ്ങൾ ഇന്ത്യൻ നിയമങ്ങളുടെ പഴുതുകളിൽ കൂടി നേടിയെടുക്കാൻ നാം ശ്രദ്ധിക്കുകയാണെങ്കിൽ ശരീഅത്ത് നിയമങ്ങളെക്കുറിച്ച് നാം പ്രസംഗിച്ചിട്ട് എന്തു പ്രയോജനം? നമ്മുടെ പരിധിയിൽപെട്ട കാര്യങ്ങളിൽ ശരീഅത്ത് നിയമങ്ങളെയും അതിന്റെ അന്തസ്സത്തയെയും നാം ഉല്ലംഘിക്കുകയില്ലെന്ന് ദൃഢപ്രതിജ്ഞ ചെയ്താലേ നമ്മുടെ ശരീഅത്ത് സംരക്ഷണ ശ്രമങ്ങൾ സാർഥകമാകൂ! ■